ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ നടപടി

27 (1303) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് നിലവിൽ വന്നശേഷം പഞ്ചായത്ത് രാജ്- നഗരപാലികാ സ്ഥാപനങ്ങളിലെ ജനകീയാസൂത്രണ പദ്ധതികൾ ഉൾപ്പെടെയുള്ള ചെലവുകൾ സംബന്ധിച്ച് ആഡിറ്റ് റിപ്പോർട്ടുകളുടെ എത്ര സമാഹൃത റിപ്പോർട്ടുകളാണ് ഇതുവരെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(ബി) അവ ഏതെല്ലാം വർഷത്തെ സമാഹൃത റിപ്പോർട്ടുകളാണെന്നും ഏതെല്ലാം തീയതികളിലാണ് സർക്കാരിന് സമർപ്പിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ വർഷത്തെയും എത്ര സ്ഥാപനങ്ങളെ സംബന്ധിക്കുന്ന സമാഹൃത റിപ്പോർട്ടുകളാണ് ഗവൺമെന്റിൽ സമർപ്പിച്ചതെന്ന് പറയുമോ ;

(ഡി) ഡയറക്ടർ സർക്കാരിന് സമർപ്പിച്ച സമാഹൃത റിപ്പോർട്ടുകൾ നിയമസഭ മുമ്പാകെ വയ്ക്കുവാൻ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിൽ വ്യവസ്ഥയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതുപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച ഏതു വർഷത്തെയെല്ലാം സമാഹൃത റിപ്പോർട്ടുകൾ നിയമസഭയിൽ വച്ചിട്ടുണ്ട് ;

(ജി) ഒരു സമാഹൃത റിപ്പോർട്ടു പോലും നിയമസഭയിൽ ഇതുവരെ വച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(എച്ച്) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച എല്ലാ സമാഹൃത റിപ്പോർട്ടുകളും ഈ സമ്മേളനകാലത്ത് തന്നെ സഭ മുമ്പാകെ വയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് സമാഹൃത റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) 1998 ലെ റിപ്പോർട്ട് 19-9-1998-ലും, 1999-ലെ റിപ്പോർട്ട് 16-11-1999-ലും 1999-2000-ലെ റിപ്പോർട്ട് 16-10-2000-ലും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) 1998 - ൽ 53 സ്ഥാപനങ്ങളെയും, 1999-ൽ 69 സ്ഥാപനങ്ങളെയും 1999-2000-ൽ 111 സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന റിപ്പോർട്ടുകളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട്, 1994-ലെ 23-ാം വകുപ്പനുസരിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ആഡിറ്റിംഗിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തിയ ശ്രദ്ധേയമായ കാര്യങ്ങളടങ്ങിയ ഒരു സമാഹൃത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതും അതിനുശേഷം മൂന്നുമാസത്തിനകം സർക്കാർ ടി റിപ്പോർട്ട് നിയമസഭയിൽ വയ്ക്കേണ്ടതുമാണ്.

(എഫ്) 1998, 1999, 1999-2000 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(ജി) ബാധകമല്ല.

(എച്ച്) ലോക്കൽ ഫണ്ട് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച എല്ലാ സമാഹൃത റിപ്പോർട്ടുകളും ഇതിനകം തന്നെ സഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ആഡിറ്റിംഗ്

28 (1304) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ആഡിറ്റിംഗിൽ അപരിഹാര്യമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം പ്രസ്തുത ക്രമക്കേടുകൾ കാണിച്ച ഉദ്യോഗസ്ഥന്റെ മേൽ ചാർജ്ജ്-സർചാർജ്ജ് നടപടികൾ എടുത്ത് തുക തിരിച്ചടപ്പിക്കാനുള്ള അധികാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർക്കുണ്ടോ ;

(ബി) എങ്കിൽ പഞ്ചായത്തുരാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഇതുവരെ പുറപ്പെടുവിച്ച ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമവിധേയമല്ലാതെ തുക ചെലവഴിച്ച ഉദ്യോഗസ്ഥന്മാരുടെ മേൽ 1996-നുശേഷം ആകെ എന്തു തുകയ്ക്കുള്ള ചാർജ്ജ്-സർചാർജ്ജ് നോട്ടീസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(സി) ഈയിനത്തിൽ എന്തു തുക നാളിതുവരെ തിരിച്ചടപ്പിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഏതുവർഷം വരെ പുറപ്പെടുവിച്ച ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചാർജ്ജ്-സർചാർജ്ജ് നോട്ടീസ് അയച്ചത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-നുശേഷം 12,44,886 രൂപയ്ക്കുള്ള ചാർജ്ജ് നോട്ടീസും, 27,94,069 രൂപയ്ക്കുള്ള സർചാർജ്ജ് നോട്ടീസും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നാളിതുവരെ ചാർജ്ജിനത്തിൽ 88,624 രൂപയും സർചാർജ്ജ് ഇനത്തിൽ 1,02,824 രൂപയും തിരിച്ചടപ്പിച്ചിട്ടുണ്ട്.

(ഡി) 1996-97 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ചാർജ്ജ്-സർചാർജ്ജ് നോട്ടീസുകൾ അയച്ചു കഴിഞ്ഞിട്ടുണ്ട്. 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ചാർജ്ജ്-സർചാർജ്ജ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly